കേരള സർക്കാർ

# കുന്നുകര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി11)1266/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 21.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി11)1266/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 21.07.2017

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കുന്നുകര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയപ്രകാശ് .പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 20.06.2017 മുതൽ 28.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജയ.സി.ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ഗോപകുമാർ.എം.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സജീവ്.എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഫ്രാൻസിസ് തറയിൽ | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | സന്തോഷ്.ടി.കെ | 01.04.2016മുതൽ 29.04.2016വരെ |
| | പി.ആർ വിജയമാലിനി അസി.സെക്രട്ടറി(ഇൻ-ചാർജ്ജ്) | 30.04.2016മുതൽ19.05.2016വരെ |
| | സന്തോഷ്.ടി.കെ | 20.05.2016മുതൽ14.07.2016വരെ |
| | പി.ആർ വിജയമാലിനി അസി.സെക്രട്ടറി(ഇൻ-ചാർജ്ജ്) | 15.06.2016മുതൽ14.09.2016വരെ |
| | ഷാജി.എ.വി | 15.09.2016മുതൽ31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | പി.ആർ വിജയമാലിനി | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ഡോ.സൗമ്യ പോൾ | 01.04.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ലാൽ ജി മാത്യു | 01.04.2016മുതൽ24.09.2016വരെ |
| | ഡോ. ജിൻസാ ജോർജ്ജ് | 25.09.2016മുതൽ30.09.2016വരെ |
| | ഡോ.പ്രസീത് | 01.10.2016മുതൽ27.10.2016വരെ |
| | ഡോ.ജെറീൻ ഫ്രാൻസിസ് | 28.10.2016മുതൽ28.11.2016വരെ |
| | ഡോ.ജോമോൻ ചെറിയാൻ | 29.11.2016മുതൽ29.12.2016വരെ |
| | ഡോ.ജെറീൻ ഫ്രാൻസിസ് | 30.12.2016മുതൽ29.03.2017വരെ |
| | ഡോ. ജിൻസാ ജോർജ്ജ് | 30.03.2017മുതൽ31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസ | ലൈസാ പി.ആർ | 01.04.2016മുതൽ14.02.2017വരെ |
| | ലക്ഷ്മി എൽ | 15.02.2017മുതൽ31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കുന്നുകര) | ലിജേഷ് ജോസഫ് | 01.04.2016മുതൽ31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആറ്റുപുറം) | വിമൽ രാജ് | 10.01.2017മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.മനോജ് | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.വിദ്യാ ബി | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മുഹമ്മദ് റഫീഖ് | 01.04.2016മുതൽ31.03.2017വരെ |
| ഡയറി ഫാം | സിനിമോൾ.എൽ. | 01.04.2016മുതൽ03.09.2016വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഇൻസ്ട്രക്ടർ | സജീവ് കുമാർ | 04.09.2016മുതൽ31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷിജി ജോസ് | 01.04.2016മുതൽ31.03.2017വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം :- ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12. | ഓഡിറ്റ് ഇംപാക്ട് -വാടക കുടിശ്ശിക അടവാക്കി | 1-12 |
| ഭാഗം - 2 | | |
| 13. | തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി ഈടാക്കിയില്ല-2640/-രൂപ നഷ്ടം | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 600/- രൂപ നഷ്ടം | 2-2 |
| ഭാഗം - 3 | | |

| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 15. | കളത്തിക്കടവ് റോഡ്, എം.എസ്.സി റോഡ്- കാനയും, ചപ്പാത്തും നിർമ്മാണം- 8139/-രൂപ അധികം നല്കി | 3-1 |
| 16 | മുട്ടക്കോഴി വിതരണം- ഗുണഭോക്താക്കളിൽ നിന്ന് VAT ഈടാക്കിയത് സംബന്ധിച്ച അപാകത | 3-2 |
| 17 | മരുന്നുകൾ സമയബന്ധിതമായി ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-3 |
| 18 | ഭവനനിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-4 |
| 19 | പഞ്ചായത്ത് ഓഫീസ് നവീകരണം – നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് | 3-5 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-6 |
| | ഭാഗം – 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 25 | വായ്പ / വിനിയോഗം | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| വരവ് | 8,82,12,994 | 4,74,10,291 | 0 | 4,08,02,703 |
| ചെലവ് | 8,81,96,035 | 4,85,87,662 | 0 | 3,96,08,373 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 19.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2016-17 | 27.06.2017 | അക്കൗണ്ട്സ് പരിശോധിച്ചതിൽ ന്യൂനത കണ്ടെത്തിയില്ല. |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,32,26,262 |
| വരവ് | 4,74,10,291 |
| ആകെ | 6,06,36,553 |
| ചെലവ് | 4,85,87,662 |
| നീക്കിയിരിപ്പ് | 1,20,48,891 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 00 | 84,44,479 | 84,44,479 | 84,44,479 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 00 | 55,60,152 | 55,60,152 | 55,60,152 | 0 | 100 |
| വികസന ഫണ്ട് ടി.എസ്,പി | 00 | 58,269 | 58,269 | 58,269 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 00 | 29,14,577 | 29,14,577 | 29,14,577 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 00 | 1624812 | 1624812 | 1624812 | 0 | 100 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 41,03,308 | 41,03,308 | 41,03,308 | 0 | 100 |
| പെർഫോർമസ് ഗ്രാന്റ് (ലോകബാങ്ക്) | 00 | 28,72,134 | 28,72,134 | 28,72,134 | 0 | 100 |
| എം.എൻ.ആർ .ജി.ഇ.എസ് | 1,444 | 8,79,752 | 8,81,196 | 8,78,478 | 2,718 | 99.69 |
| ബി ഫണ്ട് | 00 | 3,31,47,680 | 3,31,47,680 | 3,31,47,680 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 119 | 91 | 02 | 26 | 76.47% |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ തനതു വരുമാനമായി ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 40,90,775 | 57,78,548 | 16,87,773 | (+) 41.26 |
| നികുതിയേതര വരവുകൾ | 13,78,357 | 14,69,510 | 91,153 | (+) 6.61 |
| മറ്റ് വരവുകൾ | 3,70,543 | 2,66,499 | 1,04,044 | (-) 28.08 |
| ആകെ | 58,39,675 | 75,14,557 | 18,82,970 | (+) 32.24 |

2015-16 സാമ്പത്തിക വർഷത്തേക്കാൾ 2016-17 സാമ്പത്തിക വർഷം നികുതി, നികുതിയേതര വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 708 | 57,45,790 |
| വിധവാപെൻഷൻ | 833 | 80,69,680 |
| വാർദ്ധക്യകാലപെൻഷൻ | 1644 | 1,60,90,815 |
| വികലാംഗപെൻഷൻ | 284 | 2315045 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 53 | 4,94,430 |
| തൊഴിൽരഹിത വേതനം | 34 | 52,920 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 8 | 2,40,000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2017ൽ 3.15PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 26516/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2017 | 04/2017 | 05.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.11.2009 മുതൽ 06.12.2009വരെ | 1997-98മുതൽ 2001-02വരെ | 17.07.2004 |

# 1-11 ആഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററിൽ ക്രമപ്പെടുത്തുന്നത് എല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

# 1-12. ഓഡിറ്റ് ഇംപാക്ട് - വാടക കുടിശ്ശിക അടവാക്കി.

2016-17വർഷത്തിൽ വാടകയിനത്തിൽ വന്ന കുടിശ്ശിക ഓഡിറ്റ് നിർദേശത്തെ തുടർന്ന് അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് എൻക്വയറി.നം/തീയതി. | അടവാക്കിയ തുക<br>ലൈസൻസിയുടെ പേര് | രസീത് നമ്പർ<br>തീയതി |
|---|---|---|
| 3 / 22.6.17 | 9015/-<br>ബിജി അനിൽ | 1098/23.6.17 |
| 3 / 22.6.17 | 9810/-<br>മഞ്ജു സാബു | 1091/23.6.17 |
| 3 / 22.6.17 | 6645/-<br>മഞ്ജു ബാബു | 1092/23.6.17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1. തറവിസ്തീർണത്തിന് ആനുപാതികമായി വസ്തുനികുതി ഈടാക്കിയില്ല - 2640/-രൂപ നഷ്ടം.

പഞ്ചായത്തിലെ നാലാം വാർഡിൽ പെട്ട 231-ാം നമ്പർ കെട്ടിടം എസ്.ബസന്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ടിയാൻ ഹെർബവിറ്റ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടത്തിവരുന്നതുമാണ് (ഡി.&ഒ. ലൈസൻസ് നം 179/16-17, ഔഷധനിർമാണം, സംഭരണം, വിൽപ്പന). അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 216.07 m2 ആണ്. എന്നാൽ വസ്തുനികുതി നിർണയ സ്റ്റേറ്റ്മെന്റ് (സഞ്ചയ) പ്രകാരം 150.07m2 തറവിസ്തീർണമെന്ന് കണക്കാക്കിയാണ് നികുതി നിർണയിച്ചിരിക്കുന്നത്. ച.മീറ്ററിന് 50/-നിരക്കിൽ 20% ഇളവുകൾ കിഴിച്ച് 8643/-രൂപയായിരുന്നു (216.07x50 = 10804-2161 = 8643) 2016-17 വർഷം വസ്തുനികുതിയായി നിർണയിക്കേണ്ടിയിരുന്നത്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 150.07m2 തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ 6003/- രൂപയാണ് വാർഷിക വസ്തുനികുതിയായി നിർണയിച്ച് ഈടാക്കിയിരിക്കുന്നത്. വിവരശേഖരണത്തിൽ വന്ന പിഴവു മൂലമാണ് തറവിസ്തീർണത്തിൽ വ്യത്യാസമുണ്ടായതെന്ന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (11/27.6.17) വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ നഷ്ടം വന്ന 2640/- രൂപ (8643-6003) കെട്ടിടയുടമയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 2-2. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 600/-രൂപ നഷ്ടം

22.6.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.2) അടിസ്ഥാനത്തിൽ 2016-17 വർഷം വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ പി.ജെ.സനോഫ്, നിധീഷ്.ആർ.നായർ, ഷാജി.എം., എന്നിവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് 1900/-രൂപ (450+450+1000) തൊഴിൽ നികുതിയിനത്തിൽ (രസീത് നമ്പരുകൾ 115, 118, 136 തീയതി യഥാക്രമം 24.6.17, 27.6.17, 28.6.17 ) അടവാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന 600/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കളത്തിക്കടവ് റോഡ്,എം.എസ്.സി. റോഡ് - കാന, ചപ്പാത്ത് നിർമ്മാണം - 8139/-രൂപ അധികം നല്കി

| | |
|---|---|
| പ്രോജക്റ്റ് നം. | S0077/16 |
| പ്രോജക്റ്റ് | കളത്തിക്കടവ് റോഡ്,എം.എസ്.സി. റോഡ് – കാനയും ചപ്പാത്ത് നിർമ്മാണം |
| അടങ്കൽ | ₹.1,50,000/- |
| ചെലവ് വിവരം | 1,49797 ബിൽ 38/16-17 തീ.15.03.17 |

കുന്നുകര പഞ്ചായത്തിലെ 2015-16 സാമ്പത്തിക വർഷത്തിൽ തുടങ്ങുകയും 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത കളത്തിക്കടവ് റോഡ്,എം.എസ്.സി. റോഡ് -കാനയും ചപ്പാത്ത് നിർമ്മാണം എന്ന പ്രവൃത്തിയിൽ അളവ് പുസ്തകം 126/15-16 ഇനം -3 ആയി ചെയ്ത 1:3:6 കോൺക്രീറ്റിംഗിന് DSR 4.2.5 പ്രകാരം തയ്യാറാക്കിയ ഡാറ്റ അനുസരിച്ച് സ്കഫോൾഡിംഗ് ചാർജ്ജും എക്സ്ട്രാ കൂലിയും ഉൾപ്പെടെ കരാറുകാരന് 8089/- രൂപ നൽകിയിട്ടുണ്ട്. കാനയും ചപ്പാത്തും നിർമ്മിക്കുന്നതിന് സ്കഫോൾഡിംഗ് ചാർജ്ജും, എക്സ്ട്രാ കൂലിയും അനിവാര്യമായ ഘടകങ്ങളല്ല. ആയതിനാൽ കരാറുകാരന് അധികനിരക്ക് നല്കിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| 4.2.5 | ഇനം | അനുവദിച്ചനിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|---|---|
| | 20 mm stone | 822.5 | 822.5 | |
| | 10 mm stone | 282 | 282 | |
| | Carriage of stone | 100.10 | 100.10 | |
| | Coase sand | 564 | 564 | |
| | Carriage of Coase sand | 50.05 | 50.05 | |
| | Port land cement | 1386 | 1386 | |
| | Carriage of coarse sand | 20.82 | 20.82 | |
| | belder | 296.10 | 296.10 | |
| | coolie | 256.62 | 256.62 | |
| | bhisti | 254.10 | 254.10 | |
| | Mason brick layer | 26.10 | 26.10 | |
| | Mason brick layer | 23.94 | 23.94 | |
| | Hire charges of concrete mixer | 56 | 56 | |
| | vibrator | 24.50 | 24.50 | |

| | | | | |
|---|---|---|---|---|
| | Scaffolding | 203.63 | - | 203.63 |
| | sandries | 24.07 | 24.07 | |
| | Extra labour for lifting materials upto floor level | 618.52 | - | 618.52 |
| | Total | 5009.05 | 4186.9 | 822.15 |
| | Add water charges 1% | 50.09 | 41.87 | 8.22 |
| | Total | 5059.14 | 4228.77 | 830.37 |
| | CPOH@15% | 758.87 | 634.32 | 124.55 |
| | Cost of 1cum | 5818 | 4863 | 955 |
| | Cost index | 2269 | 1896.61 | 372.41 |
| | Total | 8087 | 6759.70 | 1327.33 |
| 4.2.5 | ആകെ ചെയ്ത പ്രവൃത്തി-6.12 m3 | 8089X6.12 =49504 | 6759 x 6.12 = 41365 | 1330x6.12 = 8139 |

മേൽ പ്രവൃത്തിയിൽ അധികം അനുവദിച്ച 8139/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

.

## 3-2. മുട്ടക്കോഴി വിതരണം - ഗുണഭോക്താക്കളിൽ നിന്ന് VATഈടാക്കിയത് - സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ പ്രൊ.നം. S048/17-മുട്ടക്കോഴി വിതരണം (ജനറൽ), പ്രൊ.നം. S048/17-മുട്ടക്കോഴി വിതരണം (പട്ടികജാതി വിഭാഗം)പ്രൊജക്ടുകളുടെ ഭാഗമായി യഥാക്രമം 840, 280 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരുന്നു. "വി.എ ഷെറീഫ് എഗ്ഗർ നഴ്സറി" എന്ന സ്ഥാപനമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. താഴെപ്പറയുന്നപ്രകാരം ഈ സ്ഥാപനത്തിന് കോഴിക്കുഞ്ഞുങ്ങളുടെ വില നല്കിയിട്ടുമുണ്ട്.

.

| പ്രൊജക്ട് നം / പ്രൊജക്ടിന്റെ പേര് | നല്കിയ തുക | | | ബിൽ നം. ഡി.ഡി.നം | VAT അടച്ചത് (15%) |
|---|---|---|---|---|---|
| | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ | | |
| S048/17-മുട്ടക്കോഴി വിതരണം (ജനറൽ) | 42,000 | 42,000 | 84,000 | 2/16-17 28.3.17 | 12,600 |

| | | | | | |
|---|---|---|---|---|---|
| പ്രൊ.നം. S049/17-മുട്ടക്കോഴി വിതരണം (പട്ടികജാതി വിഭാഗം) | 20,000 | 8,000 | 28,000 | 3/16-17 28.3.17 | 4,200 |
| | 62,000 | 50,000 | 112000 | | 16,800 |

.

VAT അടച്ചത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള TAN A/c നമ്പറായ CHN V01119G -യിലാണ്. മേൽപ്പറഞ്ഞ പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

I (1). പൊതുവിഭാഗം പ്രൊജക്ടിൽ 5 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 168 യൂണിറ്റുകളാണ് നല്കിയത്. ഒരു കോഴിക്കുഞ്ഞിന്റെ വില 100/- രൂപ വീതം 500/- രൂപ വിലയുള്ള ഒരു യൂണിറ്റ് ഒരു കുടുംബത്തിന് നല്കുമ്പോൾ അതിന്റെ 50% (അതായത് 250/- രൂപ) വികസനഫണ്ടിൽ നിന്ന് സബ്സിഡി നല്കുകയും, 50% ഗുണഭോക്താവിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം ആകെ വിലയായ 500/- രൂപയുടെ 15% (അതായത് 75/-രൂപ) VAT ഗുണഭോക്താക്കളിൽ നിന്ന് പിരിക്കുന്നുണ്ട്. അപ്രകാരം ഒരു യൂണിറ്റിന് ഗുണഭോക്താവ് നല്കേണ്ടി വരുന്നത് 325/- രൂപയാണ്.

(2) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 7 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 40 യൂണിറ്റുകളാണ് നല്കിയത്. ഒരു കോഴിക്കുഞ്ഞിന്റെ വില 100/- രൂപ വീതം700/- രൂപ വിലയുള്ള ഒരു യൂണിറ്റ് ഒരു കുടുംബത്തിന് നല്കുമ്പോൾ അതിന്റെ 70% (അതായത് 500/- രൂപ) വികസനഫണ്ടിൽ നിന്ന് സബ്സിഡി നല്കുകയും, 30% (അതായത് 200/- രൂപ) ഗുണഭോക്താവിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു.ഇതോടൊപ്പം ആകെ വിലയായ 700/- രൂപയുടെ 15% (അതായത് 105/-രൂപ) VAT ഗുണഭോക്താക്കളിൽ നിന്ന് പിരിക്കുന്നുണ്ട്. അപ്രകാരം ഒരു യൂണിറ്റിന് ഗുണഭോക്താവ് നല്കേണ്ടി വരുന്നത് 305/- രൂപയാണ്.

മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടിന്റെയും ഗുണഭോക്താക്കൾക്ക് അവർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നതിന് സർക്കാർ അനുവദിച്ചിരിക്കുന്ന സബ്സിഡി തുകയ്ക്കു കൂടി VAT അടയ്ക്കേണ്ടിവരുന്നു.വാങ്ങുന്ന സാധനത്തിന്റെ വിലയുടെ നിശ്ചിതശതമാനം VAT അടയ്ക്കേണ്ടിവരുന്നു.

വിൽപ്പന നടക്കുമ്പോൾ ഈടാക്കേണ്ട മൂല്യ വർദ്ധിത നികുതി ഉപഭോക്താക്കളിൽ ഈടാക്കുന്നതിന് പകരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനഫണ്ടിൽ നിന്ന് അടയ്ക്കുന്നതിന് സ്രക്കാർ ഉത്തരവില്ല എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് നല്കിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചിരിക്കുന്നത്.

II. വി.എ ഷെറീഫ് എഗ്ഗർ നഴ്സറി എന്ന സ്ഥാപനമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. ഈ സ്ഥാപനത്തിന് VAT രജിസ്ട്രേഷനോ, TAN നമ്പറോ ഉള്ളതായി അവരുടെ ബില്ലിൽ കാണുന്നില്ല. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് VAT രജിസ്ട്രേഷനില്ലാത്ത ഒരു സപ്ലൈയറിൽ നിന്ന് വാങ്ങി വിതരണം ചെയ്ത ഒരു കമ്മോഡിറ്റിക്ക് ഗുണഭോക്താക്കളിൽ നിന്ന് VAT ഈടാക്കിയതെന്നും, ഇങ്ങനെ ഈടാക്കിയ VAT സെക്രട്ടറിയുടെ TAN നമ്പറിൽ അടച്ചതെന്തിനാണെന്നും വിശദീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ 10 ലക്ഷത്തിന് താഴെ വരുമാനമുള്ള എഗ്ഗർ നഴ്സറികളെ VAT അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്നാണ് വിശദീകരിച്ചിരിക്കുന്നത്. എന്നാൽ വി.എ ഷെറീഫ് എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിന്റെ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിന് താഴെയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടിയാളിൽ നിന്നാണ് VAT ഈടാക്കി അടയ്ക്കേണ്ടിയിരുന്നത്. അതിനു പകരം ഗുണഭോക്താക്കളിൽ നിന്ന് VAT ഈടാക്കി അടച്ചത് ശരിയായ നടപടിയല്ല.

അതേ സമയം കോഴിക്കുഞ്ഞുങ്ങളെ നല്കുന്ന വെണ്ടറുടെ വാർഷിക വിറ്റുവരവ് പത്തുലക്ഷത്തിൽ താഴെയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ VAT അടയ്ക്കേണ്ട ആവശ്യം തന്നെയില്ല.

ഈയൊരു സാഹചര്യത്തിൽ സർക്കാർ നല്കുന്ന സബ്സിഡിയുടെകൂടി VAT ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയത് സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ നൽകുന്ന ആനുകൂല്യത്തിന്റെ നല്ലൊരു ഭാഗം ഗുണഭോക്താക്കളിൽ നിന്ന് തന്നെ തിരികെ

ഈടാക്കുന്നതിന് തുല്യമാണ്.
ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ ഈ വസ്തുതകൾ നിർവ്വഹണോദ്യോഗസ്ഥരും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മരുന്നുകൾ സമയബന്ധിതമായി ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിൽ 2,00,000/- രൂപ (Bill No.1/2016-17dtd. 21.12.2016) വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് കേരള ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ (ഹോംകോ) എന്ന സ്ഥാപനത്തിലേക്ക് പ്രൊഫോർമ ഇൻവോയ്സ് നം. PF 274/26.10.2016 പ്രകാരമുള്ള മരുന്നുകൾക്കായി അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുകയ്ക്കുള്ള മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭിക്കുവാൻ കാലതാമസം വരുന്നതിന്റെകാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് നല്കിയ മറുപടിയിൽ മരുന്ന് ലഭ്യമാകാൻ ആറുമാസം കാലതാമസം വരാറുണ്ടെന്ന് പറഞ്ഞിരുന്നു.

എന്നാൽ 2015-16 സാമ്പത്തികവർഷത്തിൽ 25.01.2016-ൽ ഇതേസ്ഥാപനത്തിന് 1,50,000/- രൂപ അടച്ച് ആവശ്യപ്പെട്ട മരുന്നുകൾ ലഭിച്ചത് 22.12.2016-ൽ മാത്രമാണ്. ഒരു സാമ്പത്തികവർഷത്തിൽ അടയ്ക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ആ സാമ്പത്തികവർഷത്തിൽ തന്നെ ലഭിക്കുകയാണെങ്കിൽ മൺസൂൺ ആരംഭിക്കുന്നതിന് മുൻപുള്ള മഴക്കാലപൂർവ്വ പ്രതിരോധപ്രവർത്തനങ്ങൾക്ക് ഇത് ഉപകാരപ്പെടും എന്ന വസ്തുത ഹോംകോ-ന്റെ ശ്രദ്ധയിൽപ്പെടുത്തി മരുന്നുകൾ സമയബന്ധിതമായി ലഭിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## 3-4 ഭവനനിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ഭവനനിർമ്മാണ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അനുവദനീയമായ തുക മുഴുവൻ നല്കിയതായി കാണുന്നില്ല.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയതായി രസീതുള്ള തുക | ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി | കൈപ്പറ്റാതെ ബാക്കി വന്ന തുക |
|---|---|---|---|
| പ്രദീപ് & ധന്യ കടത്തനാട്ടുപള്ളം | 2,70,000 | 3,00,000 | 30,000 |
| സെലീന & പൗലോസ് | 1,80,000 | 2,00,000 | 20,000 |

| | | | |
|---|---|---|---|
| രാജൻ കെ.എ & അംബിക | 2,10,000 | 3,00,000 | 90,000 |
| വിമല & അരവിന്ദാക്ഷൻ | 1,40,000 | 2,00,000 | 60,000 |

ഇപ്രകാരം അനുവദനീയമായ സബ്സിഡി മുഴുവൻ എന്തുകൊണ്ടാണ് കൊടുക്കാതെ വന്നത് എന്നതും, മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയിട്ടുണ്ടോ എന്നും വിശദീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ എൻക്വയറി നം. 7-ന് ലഭിച്ച മറുപടിയിൽ ഈ ഭവനങ്ങൾ വാസയോഗ്യമാകുന്ന മുറയ്ക്ക് മുഴുവൻ ആനുകൂല്യവും നല്കുമെന്ന് പറഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-5 ഓഫീസ് നവീകരണം- നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "പഞ്ചായത്താഫീസ് നവീകരണം " (പ്രൊ.നം. S0130/17) എന്ന പ്രൊജക്ടിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 28,72,134/- രൂപ നല്കിയിട്ടുണ്ട്.

| തുക | ബിൽ നമ്പർ/ തീയതി |
|---|---|
| 7,11,667 | 31/16-17 തീ. 31.3.17 |
| 21,60,467 | 31/16-17 തീ. 31.3.17 |
| ആകെ = 28,72,134/ | |

29,30,750/- രൂപ ലോകബാങ്ക് വിഹിതം വകയിരുത്തിയ ഈ പ്രൊജക്ടിൽ പഞ്ചായത്ത് കോൺഫറൻസ് ഹാൾ- കസേര,ഡയസ് മേശ, പാനലിംഗ്, സീലിംഗ്, പ്രസിഡന്റിന്റെ ഓഫീസ് മുറി പാനലിംഗ്, സീലിംഗ്, ഓഫീസിന്റെ ഫ്രണ്ട് ലോബി സീലിംഗ്, സെക്രട്ടറിയുടെ ഓഫീസ് മുറി സീലിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതിനിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്നവയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1. ഈ പ്രൊജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ PRIME ARCH കൺസൾട്ടൻസ് ചേർത്തല എന്ന സ്ഥാപനത്തിനോട് സെക്രട്ടറി 19.01.2017-ലെ A2-953/17 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ നേതൃത്വത്തിൽ എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ സ്വകാര്യ ഏജൻസിയെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിയമിച്ചതിന്റെ കാരണം വ്യക്തമല്ല.

2. ഇതനുസരിച്ച് PRIME ARCH കൺസൾട്ടൻസ് എന്ന സ്ഥാപനം നല്കിയ എസ്റ്റിമേറ്റിൽ 29,30,750/- രൂപ അടങ്കൽ കാണിച്ചിട്ടുണ്ട്. കൺസൾട്ടൻസി സ്ഥാപനം നൽകിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ നിലവിലുള്ള സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷനിൽ നിരക്ക് ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ ആണോയെന്നും, അങ്ങനെയെങ്കിൽ സി.പി.ഡബ്ല്യ.ഡി നിരക്കാണോ കൺസൾട്ടൻസി എസ്റ്റിമേറ്റിൽ ഉള്ളത് എന്നോ പരിശോധിച്ചതായി ഫയലിൽ കാണുന്നില്ല. സ്വകാര്യ ഏജൻസി നല്കിയ എസ്റ്റിമേറ്റിന്മേൽ എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗം പരിശോധിച്ചതായോ, 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ പ്രകാരം ക്ഷമതയുള്ള എൻജിനീയർ എസ്റ്റിമേററ് പരിശോധിച്ച് അംഗീകാരം നല്കിയതായോ കാണുന്നില്ല.

3. കൺസൾട്ടൻസി സ്ഥാപനം നല്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പഞ്ചായത്ത് 06.02.2017-ൽ നല്കിയ ടെൻഡർ നോട്ടീസിൽ "അംഗീകൃതസർക്കാർ ഏജൻസികളിൽ നിന്ന് ടെൻഡർ

ക്ഷണിക്കുന്ന എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഇതേ ടെൻഡർ നോട്ടീസിൽ കരാറുകാരന്റെ ക്ലാസ്സ് എന്നതിൽ അംഗീകൃതസർക്കാർ ഏജൻസിയെന്നോ, കരാറുകാരനെന്നോ പറയാതെ "അംഗീകൃതസർക്കാർ ഏജൻസികൾ മുഖേന" എന്നു കാണിച്ചത് എന്തിനെന്ന് വ്യക്തമല്ല.

4. രണ്ട് ടെൻഡറുകളാണ് ഇത് പ്രകാരം ലഭിച്ചത്. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോപ്പറേറ്റീവ് ലിമിറ്റഡ് കേരള (ARTCO-Reg.No.4429), കേരള ആർട്ടിസാന്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KADCO) . ഇതിൽ ARTCO നല്കിയ ടെൻഡറിൽ ടാക്സ് ഉൾപ്പെടുത്തിയിരുന്നില്ലയെന്നും, പ്രിലിമിനറി എഗ്രിമെന്റില്ല, ഓതറൈസേഷൻ ലെറ്ററില്ല എന്നും കാണിച്ച് അത് നിരസിക്കുകയും, പ്രിലിമിനറി എഗ്രിമെന്റും, ഓതറൈസേഷൻ ലെറ്ററും ഉള്ളതും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2% കുറഞ്ഞ നിരക്കിലുള്ളതുമായ കാഡ്കോ സമർപ്പിച്ച ടെൻഡർ 28.02.2017-ലെ 2(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കുകയും ചെയ്തു.

5. തുടർന്ന് 04.03.2017 ൽ പഞ്ചായത്ത് KADCO -യ്ക്ക് സപ്ലൈ ഓർഡർ നല്കി. സപ്ലൈ ഓർഡറിൽ 2017 മാർച്ച് 25-നകം ഷെഡ്യൂൾ പ്രകാരം പണിപൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതുപ്രകാരം 09.03.2017-ന് KADCO ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചു.

6. കരാർ പ്രകാരം 23.03.2017-ന് KADCO 25,08,414/- രൂപയ്ക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുകയും, ആയത് കൈപ്പറ്റിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി സാക്ഷ്യപ്പെടുത്തി 14.5% ടാക്സ് കൂടി ഉൾപ്പെടെ 28,72,134/- രൂപ KADCO-യ്ക്ക് നല്കിയിട്ടുണ്ട്.

7. എസ്റ്റിമേററ് പ്രകാരം Falls Ceiling, Wall Panelling എന്നീ ഇനങ്ങൾ ചതുരശ്രമീറ്ററിലാണ് കാണിച്ചിരിക്കുന്നത്. അതായത് ഈ പ്രവൃത്തികൾ അളന്ന് തിട്ടപ്പെടുത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അളവിനനുസരിച്ചുള്ള നിരക്കാണ് നല്കേണ്ടത്. ഇവിടെ അപ്രകാരം അളവ് രേഖപ്പെടുത്തിയിട്ടില്ല.

8. സപ്ലൈ ചെയ്ത സാമഗ്രികൾ നിശ്ചിത സ്പെസിഫിക്കേഷൻ പാലിച്ചിട്ടുണ്ടോ, ഗുണനിലവാരമുള്ളവയാണോ എന്ന് ഉത്തരവാദിത്തപ്പെട്ട അധികാരസ്ഥാനങ്ങൾ പരിശോധിച്ചതായി കാണുന്നില്ല. സാധനങ്ങൾ സപ്ലൈ ചെയ്തതിന് പിൻബലമായി അവയുടെ ബില്ലോ, മറ്റ് അനുബന്ധരേഖകളോ ഹാജരാക്കിയിട്ടില്ല.

9. സൗണ്ട് സിസ്റ്റം, പ്രൊജക്ടർ, സ്ക്രീൻ എന്നിവയുൾപ്പെടെയുള്ള സാങ്കേതികപരിശോധനയാവശ്യമുള്ള ഉപകരണങ്ങളുടെ സ്ഥാപനം( Errection) കൃത്യമാണോയെന്ന് ക്ഷമതയുള്ള ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടും ഉള്ളതായി കാണുന്നില്ല.

മേൽപ്പറഞ്ഞ പ്രകാരം സ്വകാര്യ ഏജൻസി തയ്യാറാക്കി നല്കിയ എസ്റ്റിമേററ്, ചട്ടപ്രകാരം ക്ഷമതയുള്ള ഒരു അധികാരസ്ഥാനത്തിന്റെയും പരിശോധനയോ, മേൽനോട്ടമോ കൂടാതെ ടെൻഡർ ചെയ്ത്, എസ്റ്റിമേററിൽ ഓരോ ഇനത്തിനും നല്കിയിരിക്കുന്ന അതേ നിരക്കിൽ തുക അനുവദിച്ച് നല്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

താരതമ്യേന കാർഷിക പ്രധാനമായ ഒരു ഗ്രാമപഞ്ചായത്തിന്റെ ഉല്പാദനമേഖലയിലും, പശ്ചാത്തലമേഖലയിലും ചെലവഴിക്കാമായിരുന്ന ലോകബാങ്ക് വിഹിതത്തിന്റെ നല്ലൊരു ശതമാനം ഇപ്രകാരം ഓഫീസ് നവീകരണത്തിന് ചെലവഴിച്ചത്,ക്രമവരുദ്ധമല്ലെങ്കിലും പൊതുധനവിനിയോഗം കുറെക്കൂടി സൂക്ഷ്മതയോടെയും ആകാമായിരുന്നു എന്ന വസ്തുത പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

# 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 18,45,881/- രൂപ തടസ്സപ്പെടുത്തുന്നു.

കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള

താഴെപ്പറയുന്ന പ്രൊജക്ടുകൾക്കുള്ള തുക കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ

സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. ആയതിനാൽ ആകെ ഡെപ്പോസിറ്റ് ചെയ്ത 18,45,881/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര് | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| എസ് 148/17 | കേരള വാട്ടർ അതോറിറ്റി | എസ്.സി. കോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ . | 42/2016-17 31.3.17 | 12,91,291 | 0 | 12,91,291 |
| 117/17 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വൈദ്യുത പോസ്റ്റുകൾമാറ്റി സ്ഥാപിക്കൽ, ലൈൻ എക്സ്റ്റെൻഷൻ | 21/2016-17/ 17.3.17 23/2016-17 24.3.17 | 5,54,590 | 0 | 5,54,590 |
| | | | | | | 18,45,881 |

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 1,55,000 | പാലിയേറ്റിവ് കെയർ | 1,02,082 | 52,918 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 1,00,000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 1,00,000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 2016-17 | 4,20,000 | നെൽ കൃഷി വികസനം | 4,20,000 | ഇല്ല |
| ജില്ലാപഞ്ചായത്ത് വിഹിതം | 2016-17 | 83090 | ശാരിരീക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 83090 | ഇല്ല |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| എസ് 0148/16-17 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 12,91,291 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. വാട്ടർ അതോറിറ്റി |
| എസ് 0117/16-17 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5,54,590 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി |
| ആകെ | | 18,45,881 | |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-5 വായ്പ/വിനിയോഗം.

വായ്പ തിരിച്ചടവിന്റെ വിവരം.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ച ടയ്ക്കാനുള്ള | തൻവർഷം അടച്ചത് | വർഷാ വസാന |
|---|---|---|---|---|---|

| | | | മുൻബാക്കി | | | ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | ജി.ഒ.(എം.എസ്.) 83/13/LSGD തീയതി11.03.2013 | 3000000 | 2500000 | 1447893 | 216576 | 833531 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷം ലഭിച്ച 3,380/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഉള്ളത്).

.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും /ഇനം | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 2-2 | 2,500 | അസിസ്റ്റന്റ് എഞ്ചിനീയർ കെഎസ്.ഇ.ബി. | 11606500040 27.01.2017 |
| 2015-16 | 3-5 | 880 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.കുന്നുകര | 11606104460 06.03.2017 |
| ആകെ | | 3,380 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് -അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ല കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ നടക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 4,74,10,291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,85,87,662 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 3,240 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,139 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,45,881 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,640 | --- | എ.വി ഷാജി, സെക്രട്ടറി |
| 2-2 | 600 | --- | എ.വി ഷാജി, സെക്രട്ടറി |
| 3-1 | --- | 8,139 | സിജി ജോസ്,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 3,240 | 8,139 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 18,45,881 | എ.വി.ഷാജി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജി.എ.വി<br>സെക്രട്ടറി | സെക്രട്ടറി<br>കുന്നുകര ഗ്രാമപഞ്ചായത്ത് | അരിശ്ശേരിൽ ഹൗസ്<br>കാട്ടേപ്പറമ്പ്,വട്ടേക്കുന്നം<br>ഇടപ്പള്ളി നോർത്ത് |
| സിജി ജോസ്<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>കുന്നുകര ഗ്രാമപഞ്ചായത്ത് | അയിരൂർക്കാരൻ ഹൗസ്<br>പാദുവാപുരം,ഇടക്കുന്ന് |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2006-07 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി11)692/14 തീയതി 13.06.14 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി11)1908/16 തീയതി 30.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി11)1266/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 21.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P.11)1266/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 21.07.2017

Certified that I have audited the Annual Financial Statement of Kunnukara Grama Panchayath in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Kunnukara Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director